ഭാവനയുടെ വെള്ളിച്ചിറകുകളിലേറി അനന്തതകളിൽ വിഹരിക്കുന്ന ശാസ്ത്രകഥകൾ ലോകത്തിലെ പല ഭാഷകളിലുമുണ്ട്. കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ആകർഷിക്കുന്ന അതിലെ കഥാപാത്രങ്ങൾ അനുവാചകഹൃദയങ്ങളിൽ എക്കാലവും ജീവിക്കും. ഭാവനാപരമായ ശാസ്ത്രകഥകളുടെ പ്രാഭവം ഇന്നു ചലച്ചിത്രത്തിലും ടെലിവിഷനിലും പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. ഈ കഥാസാഹിത്യശാഖയുടെ വികാസപരിണാമങ്ങൾ സമഗ്രമായി അപഗ്രഥനം ചെയ്യുന്ന ലേഖനമാണിത്.

ഭാവനാപരമായ ശാസ്ത്രകഥകൾ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ജീവിതത്തിൽ ശാസ്ത്രത്തിനു പ്രാധാന്യമുണ്ടെന്നും ജീവിതമനോഭാവങ്ങളെ ഏറക്കുറെ സ്വാധീനിക്കുന്നതിന് അതിനു സാധിക്കുമെന്നും കണ്ടുതുടങ്ങിയതിൽ പിന്നാണ് ഭാവനാപരമായ ശാസ്ത്രകഥകൾ ഉദ്ഭവിച്ചിട്ടുള്ളത്. ഈ ആശയത്തെ ആസ്പദമാക്കി തട്ടിച്ചുനോക്കുമ്പോൾ ഐതിഹ്യങ്ങളും യക്ഷിക്കഥകളും പ്രേതകഥകളും എന്തിന്, പുരാണേതിഹാസങ്ങളിലുംമറ്റുമുള്ള മനുഷ്യാതീത സാഹസികകഥകളും തികച്ചും ഭിന്നമായ മേഖലയിൽ നിർത്തേണ്ടവയാണെന്നു വ്യക്തമാണ്. ഭാവനാവിലാസത്തിന്റെ പ്രത്യക്ഷപ്രകടനത്തിലൂടെ രൂപംപ്രാപിച്ച എത്രയെത്ര കഥകളും കഥാപാത്രങ്ങളുമാണ് അത്തരം കൃതികളിലുള്ളത്!

അവ ചമച്ചിട്ടില്ലാത്ത മനുഷ്യസമൂഹങ്ങളില്ല. മനുഷ്യരുടെ ജീവിതത്തെ സാരമായി സ്വാധീനിക്കുകയും അവരുടെ സങ്കല്പങ്ങളെയും ആദർശങ്ങളെയും ഏറെക്കുറെ കരുപ്പിടിക്കുകയും അവ ചെയ്തിട്ടുണ്ട്. മനുഷ്യമനസ്സിനെ പ്രബലമായി വശീകരിക്കുന്ന എത്രയോ ''മിത്തുകൾ'' അവയിൽ കാണപ്പെടുന്നു! എങ്കിലും ശാസ്ത്രമനോഭാവവും ശാസ്ത്രപ്രതിപത്തിയും പ്രോൽസാഹിപ്പിക്കുന്നവയല്ല, അവ.

അപദാനങ്ങൾ

പ്രകൃത്യതീതശക്തിയും വൈഭവവും ഉള്ള കഥാപാത്രങ്ങൾ ഭാരതീയരുടെ മാത്രമല്ല, എല്ലാ പ്രാചീന ജനവിഭാഗങ്ങളുടെയും ഇതിഹാസങ്ങളിലുണ്ട്. അവരുടെ അപദാനങ്ങൾ കഥകളിൽ വാചാലമായി വർണ്ണിച്ചിരിക്കുന്നു. എന്നാൽ ആ സർഗ്ഗാത്മകപ്രക്രിയയ്ക്കു പിന്നിൽ ഏതെങ്കിലും ശാസ്ത്രചിന്തയോ സാങ്കേതികസങ്കല്പമോ ഉണ്ടെന്ന് ആരും അവകാശപ്പെടുകയില്ല. എങ്കിലും അവയ്ക്ക് അവയുടേതായ മൂല്യവും പ്രാധാന്യവുമുണ്ടെന്നുള്ളതിൽ സംശയവുമില്ല.

മനുഷ്യർ സ്വപ്രയത്നങ്ങളിലൂടെ സമാർജ്ജിച്ച ശാസ്ത്രീയവും സാങ്കേതികവുമായ അറിവ് അവന്റെ പരിസ്ഥിതിയിൽ മാറ്റംവരുത്തുന്നു. ആ വ്യതിയാനങ്ങളും സമ്മർദ്ദങ്ങളും നന്മയോ, തിന്മയോ, അവയുടെ സമ്മിശ്രതയോ വരുത്താം. അത്തരം കാര്യങ്ങളെ സംബന്ധിച്ചു നേരത്തേ ചിന്തിക്കുകയാണ്, ഭാവനാപരമായ ശാസ്ത്രകഥകളുടെ—സയൻസ് ഫിക്ഷന്റെ ലോകത്തിൽ. മനുഷ്യന്റെ അവസ്ഥയ്ക്കുണ്ടാകുന്ന വ്യതിയാനങ്ങളെ, വൈകാരികപ്രാഭവത്തോടെ അവതരിപ്പിച്ച്, കൂടുതൽ സ്വപ്നങ്ങൾ കാണാൻ കരുത്തുണ്ടാക്കുകയാണ് അവ ചെയ്യുന്നത്.

ഇംഗ്ലീഷ്ഭാഷയിൽ ഈ സാഹിത്യശാഖയുടെ പ്രാരംഭംകുറിച്ചതായി അധികംപേർ പരിഗണിക്കുന്നത്, മേരി ഷെല്ലിയുടെ (Mary Wollstone Craft Shelley, 1797 - 1851) ഫ്രാങ്കെൻ സ്റ്റീൻ (Frankenstein, 1818) എന്ന കൃതിയാണ്. മഹാകവി ഷെല്ലിയുടെ പത്നിയാണ് ഇവർ. വാൾട്ടൻ (Walton) എന്നു പേരായ സാഹസിക സഞ്ചാരിയുടെ എഴുത്തുകളുടെ രൂപത്തിൽ ആണ് കഥ അവതരിപ്പിക്കുന്നത്. ഫ്രാങ്കെൻസ്റ്റീനെന്നു പേരുള്ള ജനീവക്കാരനായ പ്രകൃതിശാസ്ത്രവിദ്യാർത്ഥി, അജൈവവസ്തുക്കളിൽ ജീവൻ വരുത്തുവാനുള്ള രഹസ്യം, ഇൻഗോൾ

സ്റ്റാഡ് (Ingolstadt) സർവകലാശാലയിൽ വച്ചു കണ്ടെത്തി.

അങ്ങുമിങ്ങുംനിന്ന് കുറെ അസ്ഥികളും മറ്റു സാധനങ്ങളും ചേർത്തുവച്ച് മനുഷ്യന്റെ വികൃതസാദൃശ്യമുള്ള ഒരു സത്വത്തിന്റെ മാതൃക അയാൾ ഉണ്ടാക്കി; അതിനു ജീവൻകൊടുത്തു! പ്രകൃത്യതീതശേഷിയും രൂപവും കൈവരിച്ച ഭീകരസത്വത്തിന്റെ കുചേഷ്ടിതങ്ങളും അക്രമങ്ങളും കഥയിൽ വിവരിച്ചിരിക്കുന്നു. സ്രഷ്ടാവായ ഫ്രാങ്കെൻസ്റ്റീനിനുതന്നെ അതു വലിയ ഭീഷണിയായി. അതിന്റെ നാശവും മറ്റും വിശ്വസനീയമാംവണ്ണം കഥയിൽ പ്രതിപാദിച്ചിട്ടുണ്ട്.

സംഭ്രമജനകമായ ചില ചലച്ചിത്രങ്ങളുടെ നിർമ്മാണത്തിന് ഈ കൃതി പിൽക്കാലത്തു പ്രേരകമായിത്തീർന്നിട്ടുണ്ടെന്ന കാര്യവും സ്മരണീയമാണ്. സ്രഷ്ടാവിന് അത്യാഹിതമുളവാക്കുന്ന സൃഷ്ടിയെക്കുറിക്കുന്ന ഒരു ശൈലിയായിത്തീർന്നിട്ടുണ്ട്, ഇന്ന് 'ഫ്രാങ്കെൻസ്റ്റീൻ'—എന്ന ഇംഗ്ലീഷ് പ്രയോഗം. അധോഗതി 2100-ാമാണ്ടിൽ നടക്കുന്നതെന്നു സങ്കല്പിച്ചിട്ടുള്ള സംഭവങ്ങൾ ദീർഘദർശനം ചെയ്ത് അവതരിപ്പിക്കുന്ന "അവസാനത്തെ മനുഷ്യൻ" (The Last Man, 1826) എന്ന മറ്റൊരു കൃതിയും, മേരി ഷെല്ലി എഴുതിയിട്ടുണ്ട്. മനുഷ്യവർഗത്തിനുണ്ടാകുന്ന അധോഗതിയാണ് ഇതിലെ കഥാവസ്തു. ലയണൽ വെർനി (Lionel Verney) എന്നയാളുടെ കഥാകഥനമെന്ന രൂപത്തിലാണ് അത് എഴുതിയിരിക്കുന്നത്. റോമാപട്ടണത്തിന്റെ പ്രതാപത്തിന്റെയും ഔന്നത്യത്തിന്റെയും തകർച്ചവിതറിയ, നാശനഷ്ടങ്ങളുടെ നടുവിൽ ഏകാകിയായി, എല്ലാറ്റിന്റെയും മൂകസാക്ഷിയായി, നിലകൊള്ളാനിടവന്ന അവസാനത്തെ മനുഷ്യനാണ് അയാൾ!


ആധുനികജീവിതത്തിന്റെ വൈരുദ്ധ്യങ്ങളിൽനിന്നു മോചനം നേടാനുള്ള വ്യഗ്രതയും ആകാംക്ഷയും പശ്ചാത്തലമാക്കിയിട്ടുള്ള ഭാവനാപരമായ ശാസ്ത്രചിന്തയാണ്, "വരാനിരിക്കുന്ന വർഗം" (The Coming Race, 1871) എന്ന നോവലിൽ ബുൽവർ ലീട്ടൻ (Bulver Lytton, 1803/73) വിവരിച്ചിരിക്കുന്നത്. ഭൂമിയുടെ അന്തർഭാഗത്തു രക്ഷപ്രാപിച്ച് സമാധാനവും സാഹോദര്യവും സമത്വവും സ്വസമൂഹത്തിൽ സ്ഥാപിച്ച ഭാഗ്യവാന്മാരുടെ ഒരു സങ്കേതം. സങ്കീർണമെങ്കിലും അത്യുന്നതിയിലെത്തിയ മഹാസംസ്കാരം അവിടെ അവർ പരിണാമപ്പെടുത്തിയിരിക്കുന്നു.

'വ്രിൽ' (Vril) എന്ന ഊർജം ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾ സജ്ജീകരിച്ചിരിക്കുന്നത്. സൃഷ്ടിക്കും സംഹാരത്തിനും ഒരുപോലെ ഉപയോഗിക്കാവുന്നതാണ് ആ ഊർജമെങ്കിലും നിർമ്മാണത്തിനുമാത്രമേ ഭൂഗർഭവാസികൾ അതു സ്വീകരിച്ചിട്ടുള്ളു. അജ്ഞാതമായ എന്തോ കാരണങ്ങളാൽ, ഭൂഗർഭലോകത്ത് ഒതുങ്ങുവാൻ ഇടവന്ന, ഇവരുടെ സങ്കേതം സന്ദർശിച്ചു മടങ്ങിയെത്തിയ ആളാണ് കഥപറയുന്നത്. "വരാനിരിക്കുന്ന വർഗ"ത്തെന്ന ഈ കൃതി, വായനക്കാരെ വളരെയധികം ആകർഷിക്കുകയുണ്ടായി. "ബോവ്രിൽ" (Bovril) എന്ന ഒരു പോഷകാഹാരോൽപന്നത്തിന് ഈ കൃതിയിൽ

ഭൂമിയുടെ അന്തർഭാഗത്ത് രക്ഷപ്രാപിച്ച് സമാധാനവും സാഹോദര്യവും സമത്വവും സ്വസമൂഹത്തിൽ സ്ഥാപിച്ച ഭാഗ്യവാന്മാരുടെ സങ്കേതം.

പ്രതിപാദിച്ചിട്ടുള്ള "വ്രിൽ" എന്ന ഊർജത്തെ അനുസ്മരിച്ചാണത്രേ, ഉൽപാദകർ പേരുകൊടുത്തിട്ടുള്ളത്!

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഏതാണ്ടു മധ്യത്തിൽ ജൂൾസ് വേൺ (Jules Verne, 1828/1905) എന്ന സാഹിത്യകാരന്റെ കൃതികൾ, ഫ്രഞ്ചു സാഹിത്യത്തിൽ നവതരംഗങ്ങൾ സൃഷ്ടിച്ചുതുടങ്ങി. ധീരസാഹസികതയും വികാരതീക്ഷ്ണതയും ശാസ്ത്രകൗതുകവും കലർന്നിരുന്ന അദ്ദേഹത്തിന്റെ ശാസ്ത്രസങ്കല്പകൃതികൾക്ക്, അതിവിപുലമായി ആസ്വാദകരെ സമ്പാദിക്കുവാൻ സാധിച്ചു. "ഭൂഗോളത്തിന്റെ കേന്ദ്രത്തിലേക്ക്" (Voyage to the Centre of the Earth, 1864) "ഇരുപതിനായിരം കാതം സമുദ്രത്തിനടിയിൽ" (Twenty Thousand Leagues Under the Sea, 1869) "എൺപതു ദിവസംകൊണ്ട് ലോകംചുറ്റൽ" (Round the World in Eighty Days, 1873) "ഒരു ബലൂണിൽ അഞ്ച് ആഴ്ച" (Five Weeks in a Balloon) "ഭൂമിയിൽനിന്നു ചന്ദ്രനിലേക്ക്" (From the Earth to the Moon) തുടങ്ങിയ എത്രനോവലുകളാണ് അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്! ജൂൾസ് വേണിനെയാണ് ആധുനിക ശാസ്ത്രസങ്കൽപകഥാസാഹിത്യത്തിന്റെ പിതാവെന്നു പറയാറുള്ളത്.



കോന്നിയൂർ ആർ. നരേന്ദ്രനാഥ്

അദ്ദേഹത്തിന്റെ കൃതികളുടെ പ്രചാരവും സ്വാധീനവും ഫ്രഞ്ചുഭാഷയിലും ഫ്രാൻസിലുമായി ഒതുങ്ങിനിന്നില്ല. യൂറോപ്യൻഭാഷകളിലും യൂറോപ്പിലും മാത്രമല്ല, ലോകത്തിലെ ഇതരഭാഷകളിലും ദേശങ്ങളിലും അവയ്ക്കു ഹർഷോന്മാദമുളവാക്കിയ സ്വാഗതം സിദ്ധിച്ചു. മനുഷ്യൻ യഥാർത്ഥത്തിൽ ചന്ദ്രതലത്തിലിറങ്ങുന്നതിന് ഏതാണ്ട് ഒരുനൂറ്റാണ്ടു മുമ്പാണ്, ആ മഹാസംഭവത്തെ കഥാവസ്തുവാക്കിവേൺ നോവലെഴുതി മനുഷ്യർക്കു സങ്കല്പചന്ദ്രയാത്രയ്ക്കു വഴിയൊരുക്കിയത്!

Round the World – "ഭൂപ്രദിക്ഷണം" എന്ന പേരിൽ സി.എസ്. സുബ്രഹ്മണ്യൻപോറ്റി വിവർത്തനംചെയ്തു മലയാളികൾക്കു സംഭാവനചെയ്തത് എഴുപതോളം വർഷങ്ങൾക്കുമുമ്പാണ്! ഫ്രഞ്ചുനാമങ്ങൾ മലയാളീകരിച്ചാണ് പരിഭാഷയിൽ നൽകിയിട്ടുള്ളത്. ഭാഷ ലളിതവും ആകർഷകവുമാണുതാനും. മലയാളത്തിലെ ഭാവനാപരമായ ശാസ്ത്രകഥാസാഹിത്യശാഖയ്ക്കു സിദ്ധിച്ച ആദ്യത്തെ കൃതിയാണ് ഈ തർജമയെന്നുപറയാം."

"ദുർഗേശനന്ദിനി" തുടങ്ങിയ പ്രസിദ്ധങ്ങളായ പരിഭാഷകളിലൂടെ മലയാളത്തിലേക്ക്, ബംഗാളിയിൽനിന്നും മറ്റും നല്ല ഗ്രന്ഥങ്ങൾ ലഭ്യമാക്കുവാൻ വഴിതെളിച്ചവരിൽ പ്രമുഖനായിരുന്നു സി.എസ്. സുബ്രഹ്മണ്യൻ പോറ്റി. ഇന്നത്തെ തലമുറ അദ്ദേഹത്തെയും അതുപോലെയുള്ള മറ്റു പലരെയും വിസ്മരിച്ചുകഴിഞ്ഞിരിക്കുന്നു!

യാഥാർത്ഥ്യങ്ങൾ

പിൽക്കാലങ്ങളിൽ സർവ്വസാധാരണങ്ങളായിത്തീർന്ന പല സജ്ജീകരണങ്ങളും ഏർപ്പാടുകളും ജൂൾസ് വേണിന്റെ കൃതികളിലൂടെ എത്രയോ വർഷങ്ങൾക്കുമുമ്പ് വായനക്കാർക്കു പരിചയപ്പെടുവാൻ സാധിക്കുകയുണ്ടായി. എഴുതിയകാലത്ത് അവ അപ്രായോഗികങ്ങളും തികച്ചും സാങ്കല്പികങ്ങളും മാത്രമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ നിരവധി ഭാവനാവിലാസങ്ങൾ, യാഥാർത്ഥ്യങ്ങളായി പരിണമിച്ചു.

മുങ്ങിക്കപ്പലും വൈദ്യുതബൾബുകളും, വിളക്കുകളും വ്യോമയാനങ്ങളും ചന്ദ്രഗോളത്തിലേക്കുള്ള സഞ്ചാരവുമൊക്കെ അവയിൽ ചിലവമാത്രമാണ്! "ഇരുപതിനായിരം കാതം സമുദ്രത്തിനടിയിൽ" (Twenty Thousand Leagues under the Sea) എന്ന നോവലിൽ 1869-ൽ അദ്ദേഹം ചിത്രീകരിച്ച

"നാട്ടിലസ്" (Nautilus) എന്ന മുങ്ങിക്കപ്പലിന്റെ പേരുതന്നെയാണ്, 1955-ൽ കടലിലിറക്കിയ അമേരിക്കൻ ഐക്യനാടുകളുടെ ആദ്യത്തെ അണുവൈദ്യുത മുങ്ങിക്കപ്പലിന് കൃതജ്ഞതാപൂർവം നൽകിയിട്ടുള്ളത്!

സാമാന്യജനങ്ങളെയും സാങ്കേതികവിദഗ്ദ്ധരെയും ഒരുപോലെ ആനന്ദിപ്പിക്കുന്ന ചലച്ചിത്രങ്ങൾ വേണിന്റെ നോവലുകളെ അടിസ്ഥാനമാക്കി നിർമ്മിച്ചിട്ടുണ്ട്. ഇന്നും അവ വമ്പിച്ച വിജയമായി ലോകത്തിലെ വിവിധദേശങ്ങളിലെ സിനിമാക്കൊട്ടകകളിൽ പ്രദർശിപ്പിച്ചുവരുന്നു. അന്യഭാഷകളിലേക്ക് ഏറ്റവുംകൂടുതൽ തർജമചെയ്യപ്പെടുന്ന ഗ്രന്ഥകാരന്മാരുടെ പട്ടികയിൽ പ്രമുഖസ്ഥാനം ഇന്നും ജൂൾസ് വേണിനുതന്നെ!

വെൽസ് ഇംഗ്ലീഷിൽ

ഭാവനാപരമായ ശാസ്ത്രകൃതികൾ രചിച്ചിട്ടുള്ള ആധുനികഗ്രന്ഥകാരന്മാരിൽ പ്രധാനി എച്ച്. ജി. വെൽസ് (Herbert George Wells, 1866/1946) ആണ്. വിവിധ വിഷയങ്ങളിൽ നിരവധി നല്ല കൃതികൾ രചിച്ചിട്ടുള്ള ഈ സാഹിത്യകാരന്റെ ആദ്യത്തെ ശാസ്ത്രസങ്കല്പകഥയാണ് "സമയയന്ത്രം" (Time Machine, 1895). 80,2701-ാമാണ്ടു സംഭവിക്കുന്നതായി ദീർഘദർശനവും പ്രവചനവും ചെയ്തു വിവരിക്കുന്നതാണു കഥാവസ്തു.

ആ കാലത്തു മനുഷ്യസമൂഹം "മോർലോക്കു'കളെന്നും (Morlocks) ക്ഷയോന്മുഖമായ "എലോയി"കളെന്നും (Eloi) രണ്ടു വർഗങ്ങളായിത്തീർന്നിരിക്കുന്നു. ചതുർമാനശാസ്ത്രസങ്കല്പത്തിൽ ഭാവനാരൂപം പ്രാപിക്കുന്ന സംഭവങ്ങൾ സമന്വയിപ്പിച്ചു ചാരുതയോടെ വിശ്വസനീയമായി ചമച്ചിട്ടുള്ളതാണു കഥ. "ഡോ. മോറേയുടെ ദ്വീപ്" (The Island of Dr. Moreau, 1896) അദ്ദേഹത്തിന്റെ വേറൊരു നോവലാണ്. പരിണാമവാദത്തെ കേന്ദ്രമാക്കിയുള്ള ഒരു ഭാവനാസൃഷ്ടി. കപ്പൽച്ചേതത്തിലകപ്പെട്ട ഒരു പ്രകൃതിശാസ്ത്രജ്ഞൻ ഒറ്റപ്പെട്ട ഒരു ദ്വീപിൽ ചെന്നുപെട്ടു. ശസ്ത്രക്രിയകളിലൂടെ ജന്തുക്കൾക്കു മനുഷ്യത്വവും പെരുമാറ്റസവിശേഷതകളും കൈവരുത്തുന്ന പരീക്ഷണങ്ങളിൽ അവിടെ അദ്ദേഹം ഏർപ്പെടുന്നതും അതിന്റെ അനന്തരഫലങ്ങളുമാണ് പ്രമേയം.

"അദൃശ്യമനുഷ്യ"നാണ് (The Invinsible Man, 1897) ഇനിയുമൊരു നോവൽ. മനുഷ്യരെയും മറ്റു ജന്തുക്കളെയും അദൃശ്യമാക്കുന്നതിന് സാധിക്കുന്ന ഒരു രാസവസ്തു കണ്ടുപിടിക്കുവാൻ പരിശ്രമിച്ച ഒരു രസതന്ത്രപ്രേമി അതിൽ വിജയിച്ചു. അയാളുടെ അസാധാരണങ്ങളായ പ്രവർത്തനങ്ങളും പ്രതിസന്ധികളും പ്രയാസങ്ങളുമുളവാക്കുന്ന സംഭവങ്ങളും അന്ത്യവുമാണു മുഖ്യമായ കഥാവസ്തു.

ചൊവ്വാമനുഷ്യർ

അസാധാരണത്വവും ആകാംക്ഷയും ഉത്തേജിപ്പിക്കുന്ന, അത്യന്തം ശ്രദ്ധേയമായ, ഒരു ചലച്ചിത്രം ഈ കൃതിയെ ആസ്പദമാക്കി നിർമ്മിച്ചിട്ടുണ്ട്. വേറൊരു പ്രശസ്തമായ കൃതിയാണ് "ലോകങ്ങളുടെ യുദ്ധം" (The War of the Worlds, 1898). ചൊവ്വാഗ്രഹവാസികൾ ഭൂഗോളം ആക്രമിച്ചു താവളം കണ്ടെത്തുന്നതാണ് മുഖ്യമായ കഥാതന്തു. നാലടി വ്യാസമുള്ള, ഗോളാകൃതിയോടുകൂടിയ, വലിയ തലച്ചോറുള്ള ചൊവ്വാക്കാർ മറ്റു ജീവികളുടെ, പ്രത്യേകിച്ചും മനുഷ്യരുടെ, ചുടുരക്തം സ്വശരീരത്തിൽ കുത്തിവച്ചാണ് ജീവിക്കുന്നത്.

ഐക്യനാടുകളിലെ ന്യൂജെർസിയിൽ വന്നിറങ്ങുന്ന അവർ വിശാലമായ ഭൂപ്രദേശം കൈയടക്കുന്നു. പലവിധത്തിലുള്ള ക്രൂരകൃത്യങ്ങൾ മാത്രമല്ല, മറ്റു ദ്രോഹങ്ങളും നാശനഷ്ടങ്ങളും മനുഷ്യർക്കു വരുത്തി. അന്ത്യത്തിൽ ഭൂതലത്തിലുള്ള പ്രത്യേകതരം രോഗാണുക്കൾക്കു വിധേയരായിട്ടാണു ചൊവ്വാക്കാർ നശിക്കുന്നത്. ആരെയും പിടിച്ചുലയ്ക്കാൻ ശക്തിയുള്ള ഒരു നോവലാണിത്.

ക്ലാസിക്കുകളിലൊന്നായി പരിഗണിക്കാറുള്ള ഈ കൃതി, മനുഷ്യരുടെ ഭാവനയെ തീവ്രമായി സ്വാധീനിക്കുവാൻ ശേഷിയുള്ളതാണെന്നു പല പ്രത്യക്ഷാനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. റോക്കട്രിയുടെ പിതാവായി പരിഗണിക്കാറുള്ള റോബർട്ട് ഗോഡാർഡ് (Robert Goddard) പതിനാറുവയസ്സുള്ള ബാലനായിരിക്കുമ്പോൾ ഈ നോവൽ വായിച്ച് അനുഭവിച്ച വികാരതീക്ഷ്ണതയാണ്, പിൽക്കാലത്ത് അദ്ദേഹത്തിനു ഗ്രഹാന്തര യാത്രയ്ക്കുതകുന്ന സാങ്കേതികരീതികൾ ഭാവനചെയ്യുവാൻ പ്രചോദനമരുളിയതെന്ന് അദ്ദേഹംതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

റേഡിയോ നാടകം

ഓർസൻ വെൽസ് (Orson Welles) എന്ന പ്രസിദ്ധ സംവിധായകൻ 1938 ഒക്ടോബർ 30-ാം തീയതി "ലോകങ്ങളുടെ യുദ്ധ"ത്തിന്റെ റേഡിയോ നാടക രൂപാന്തരം അമേരിക്കൻ ഐക്യനാടുകളിൽ പ്രക്ഷേപണം ചെയ്തു. ചൊവ്വാവാസികൾ യഥാർത്ഥത്തിൽ ന്യൂജെർസിയിൽ വന്നിറങ്ങിയിരിക്കുന്നതായി, നാടകംകേട്ട് ജനങ്ങൾ വിശ്വസിച്ചു. ചൊവ്വാക്കാരുടെ അക്രമത്തിനു വിധേയരാകാതിരിക്കാൻ ഭയാക്രാന്തരായി ജനങ്ങൾ നാടുവിട്ട് ഓടുവാൻ തുടങ്ങി. റേഡിയോയിലൂടെ കേട്ടത് നാടകമാണെന്നും യഥാർത്ഥസംഭവമല്ലെന്നും ജനങ്ങളെ വിശ്വസിപ്പിക്കാനും അവരുടെ ആശങ്കയില്ലാതാക്കാനും അധികാരികൾക്കു വളരെ പ്രയാസപ്പെടേണ്ടിവന്നു. നോവലിലെ കഥയുടെ ശക്തിയും വിശ്വസനീയതയും എത്രയെന്ന് ഈ വസ്തുതകൾ വ്യക്തമാക്കുമല്ലോ.

വെൽസിന്റെ മറ്റു വിശിഷ്ടങ്ങളായ ശാസ്ത്രസങ്കല്പ കൃതികൾ ഇവയാണ്: "ഉറങ്ങുന്നവർ ഉണരുമ്പോൾ" (When the Sleeper Wakes, 1899), "ചന്ദ്രനിലെ ആദ്യത്തെ മനുഷ്യർ" The First Men in the Moon, 1901), "ദൈവങ്ങളുടെ ഭക്ഷണം" (The Food of the Gods, 1904) "ആകാശയുദ്ധം" (The War in the Air, 1908) "മനുഷ്യർ ദൈവത്തെപ്പോലെ" (Men Like Gods, 1923). അദ്ദേഹത്തിന്റെ കൃതികളിലെല്ലാം പലതോതുകളിൽ, രാഷ്ട്രീയവും, ശാസ്ത്രവും, സാങ്കേതികവിദ്യയും, സങ്കല്പങ്ങളും ഉദാത്തചിന്തകളും, ആദർശലക്ഷ്യങ്ങളും കലർന്നിട്ടുണ്ടെന്ന് എടുത്തുപറയേണ്ട ആവശ്യമില്ല.

കീടനാടകം

കാറൾ കാപെക്കിന്റെ (Karl Capek, 1890-1938) ശാസ്ത്രസങ്കല്പകഥകളെക്കുറിച്ച് ഇവിടെ പരാമർശിക്കേണ്ടതുണ്ട്. ചെക്കോസ്ലോവാക്യയിലെ നോവലെഴുത്തുകാരനും നാടകകൃത്തുമായിരുന്ന ഇദ്ദേഹവും, സഹോദരനായ ജോസഫ് കാപെക്കും (Josef Capek, 1887-1945) സഹകരിച്ച് പല

ഭാവനാപരമായ ശാസ്ത്രകൃതികൾ ഇംഗ്ലീഷിൽ രചിച്ചിട്ടുള്ള ആധുനികഗ്രന്ഥകാരന്മാരിൽ പ്രധാനി എച്ച്. ജി. വെൽസ് ആണ്. വിവിധ വിഷയങ്ങളിൽ നിരവധി നല്ല കൃതികൾ രചിച്ചിട്ടുള്ള ഈ സാഹിത്യകാരന്റെ ആദ്യത്തെ ശാസ്ത്രസങ്കല്പകഥയാണ് 'സമയയന്ത്രം'.

ചൊവ്വാവാസികൾ യഥാർത്ഥത്തിൽ ന്യൂജെർസിയിൽ വന്നിറങ്ങിയിരിക്കുന്നതായി, നാടകം കേട്ടു ജനം വിശ്വസിച്ചു. ഭയാക്രാന്തരായി അവർ നാടുവിട്ട് ഓടുവാനും തുടങ്ങി!

നാടകങ്ങളും ചെക്കുഭാഷയിൽ രചിച്ച് അരങ്ങേറിയിട്ടുണ്ട്. 1921-ൽ എഴുതിയ "കീടനാടകം" (The Insect Play, 1921) ആണ് അവയിൽ ഏറ്റവും കൂടുതൽ പ്രശസ്തം. സ്വേച്ഛാധിപത്യത്തിലമർന്ന മനുഷ്യസമൂഹത്തെ സംബന്ധിച്ച ഒരു ആക്ഷേപഹാസ്യ (Satire) നാടകമാണിത്. കാറൽ കാപെക്കിന്റെ സ്വതന്ത്രകൃതികളിൽ ഏറ്റവുമധികം അറിയപ്പെടുന്നത് "ആർ. യു. ആർ." (R.U.R. – Rossum's Universal Robots, 1920) എന്ന ശാസ്ത്രസങ്കല്പ നാടകമത്രേ.

ഒറ്റപ്പെട്ട ഏതോ വിദൂരസ്ഥമായ ദ്വീപിൽ 1950-60-ൽ നടക്കുന്നതായി സങ്കല്പിച്ചിട്ടുള്ള ഈ ശാസ്ത്രകഥയിലാണ് റോബോട്ടുകളെ (യന്ത്രപ്പാവപ്പരിഷകളെ) ആദ്യം ചിത്രീകരിച്ച് അവതരിപ്പിച്ചിട്ടുള്ളത്. ചെക്കുഭാഷയിലെ "റോബോട്ട' (Robota) എന്ന വാക്കിൽനിന്നാണ് "റോബോട്ട്" എന്ന പേരുണ്ടായത്. "അമർഷമുളവാക്കുന്ന അത്യധ്വാനം" എന്നാണ് ചെക്കുഭാഷയിൽ ആ വാക്കിന്റെ അർത്ഥം. മനുഷ്യസഹജങ്ങളായ വൈകാരികഭാവങ്ങൾ ആർജ്ജിച്ച റോബോട്ടുകൾ (യന്ത്രപ്പാവപ്പരിഷകൾ) അസന്തുഷ്ടരും അസ്വസ്ഥരും അതൃപ്തരുമായിട്ടിളകി, മേലാളന്മാരെ നശിപ്പിക്കുന്നതാണ് കഥയുടെ കാതൽ.

റോബോട്ട്

അത്യന്തം ചിന്തോദ്ദീപകങ്ങളായ ആശയപശ്ചാത്തലമൊരുക്കുന്ന പുതിയ പുതിയ യന്ത്രപ്പാവപ്പരിഷകളെ അവതരിപ്പിക്കുന്ന, ഭാവനാപരമായ കഥാസരണിയുടെ നൂതന സംവിധാനം ഈ നാടകത്തിനുശേഷം രൂപംകൊണ്ടിട്ടുണ്ടെന്ന വസ്തുത എടുത്തു പറയേണ്ടതുണ്ട്. ഇംഗ്ലീഷ് ഭാഷയിൽ തന്നെ, "റോബോട്ട്" എന്ന ഒരു പുതിയ വാക്കും പ്രയോഗശൈലിയും കാപെക്കിന്റെ നാടകത്തിനുശേഷം സ്ഥാനംപിടിച്ചു.

വെൽസിന്റെ ചിന്താമണ്ഡലത്തിനു സമാനമായ അന്തരീക്ഷമുള്ള മറ്റു ചില കൃതികൾ പിൽക്കാലത്ത് കാപെക്ക് എഴുതുകയുണ്ടായി. "അന്തിമ വസ്തുവിന്റെ ഉൽപാദനം" (The Manufacture of the Absolute, 1923), "പല്ലികളോടുള്ള പോര്" (War with Newts, 1936) തുടങ്ങിയവ ഉദാഹരണങ്ങളാണ്.

ഭാവനാപ്രപഞ്ചം

ഭാവിസൂചകവും പ്രവചനപ്രധാനവുമായ കഥാതന്തുക്കളാണ് മുമ്പു പറഞ്ഞ ഒട്ടുമുക്കാലും കൃതികളിൽ സ്വീകരിച്ചിരിക്കുന്നത്. അത്യാസന്നങ്ങളായ അത്യാഹിതങ്ങളും കുറവല്ല. രണ്ടാംലോകമഹായുദ്ധകാലത്തും അതിനുശേഷവും വിവിധമേഖലകളിൽ ആധുനികശാസ്ത്രം കൈവരിച്ച കുതിച്ചുചാട്ടം ഉളവാക്കിയ സമഗ്രമായ മാറ്റങ്ങൾ ശാസ്ത്രചിന്തയിലധിഷ്ഠിതമായ ഭാവനാപ്രപഞ്ച സൃഷ്ടിക്ക് വേണ്ടുവോളം വിഭവങ്ങൾ നൽകി. അവ "പുതിയ തരംഗ" സങ്കല്പകഥകൾ (New Wave Science Fiction) സാഹിത്യത്തിനു സമ്മാനിക്കുകയും ചെയ്തു.

ഈ രംഗത്തു പ്രാഗല്ഭ്യത്തോടെ പ്രവർത്തിച്ച പ്രമാണിയായ ഒരാളാണ് ജേംസ് ഗ്രഹാം ബെല്ലാർഡ് (James Graham Bellard, 1930). അദ്ദേഹത്തിന്റെ "മുങ്ങിമരിച്ച ലോകം " (The Drowned World, 1962), എന്ന കൃതിയിൽ ഭൂമി വലിയ ഒരു ചതുപ്പായി പരിണമിക്കുന്നതും അതിനുശേഷം വന്നുകൂടുന്ന പ്രതിസന്ധികളും പ്രത്യാഘാതങ്ങളും അനുഭവിക്കുന്നതുമാണ് ചിത്രീകരിക്കുന്നത്. ഒരു അത്യാഹിതകഥയായ ഈ കൃതി, ക്രൂരവും ഭയാനകവുമായ "സർറിയൽ ഫാൻറസി" (Surreal Fantasy) ആണ്. സമുന്നതമായ സാങ്കേതിക സജ്ജീകരണങ്ങളും മാനവികതയും തകർന്നുവീഴുന്ന സാഹചര്യത്തിന്റെ സമൂർത്തമായ ഒരു ചിത്രീകരണം ഇതിൽ പ്രത്യക്ഷമാകുന്നു.

ചെക്കുഭാഷയിലെ 'റോബോട്ടാ' എന്ന വാക്കിൽനിന്നാണ് 'റോബോട്ട്' എന്ന പേരുണ്ടായത്. അമർഷമുളവാക്കുന്ന അത്യധ്വാനം എന്നാണ് ചെക്കു ഭാഷയിൽ അതിന്നർത്ഥം.

ഈ രംഗത്ത് ഏറെ അറിയപ്പെടുന്ന എഴുത്തുകാരനാണ് ബ്രിയൻ വിൽസൻ അൽഡിസ്. സയൻസ് ഫിക്ഷൻ എന്ന സാഹിത്യരൂപത്തെ സമാദരണീയമാക്കാൻ സമർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന എഴുത്തുകാരൻ.

ഭാവാത്മക ഗദ്യശൈലിയും പ്രവചനാധിഷ്ഠിത കഥാഘടനയുംകൊണ്ടു ശക്തിമത്തായി ഭവിച്ചിട്ടുള്ള ധാരാളം ചെറുകഥകൾ, ബല്ലാർഡ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അത്തരം കഥകളുടെ സമാഹാരങ്ങളാണ് "അവസാന കടലോരം" (The Terminal Beach, 1964), "അത്യാഹിതപ്രദേശം" (The Disaster Area, 1967) "സിന്ദൂരമണൽ" (Vermilion Sands, 1971) എന്നീ പുസ്തകങ്ങൾ.

അർപ്പണബോധം

ഭാവനാപരമായ ശാസ്ത്രകഥാരംഗത്ത് ഏറെ അറിയപ്പെടുന്ന ഒരു സാഹിത്യകാരനാണ് ബ്രിയൻ വിൽസൻ അൽഡിസ് (Brian Wilson Aldiss, 1925) സയൻസ് ഫിക്ഷൻ എന്ന സാഹിത്യരൂപത്തെ സമാദരണീയമാക്കാൻ സമർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ഒരെഴുത്തുകാരൻ. ശാസ്ത്രസങ്കല്പകഥാസമാഹാരങ്ങൾ പ്രകാശനം ചെയ്യുന്നതിനു മാത്രമല്ല, ഈ സാഹിത്യശാഖയുടെ ആധികാരികത്വമുള്ള ചരിത്രം രചിക്കുന്നതിനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. (Billion Year Spree, 1973) അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കൃതികൾ ഇവയാണ്: "വിരാമമില്ലാത്തത്" (Non-Stop, 1958), "നരച്ചതാടി" (Grey Beard 1964), "വ്യവസ്ഥിതിയുടെ ശത്രുക്കൾ" (Enemies of the System, 1978), "മോറെയുടെ മറ്റൊരു ദ്വീപ്" (Moreau's Other Island, 1980), "ഹെല്ലിക്കോനിയ വസന്തം" (Helliconia Spring, 1980), "ഹെല്ലിക്കോനിയ ഗ്രീഷ്മം" (Helliconia Summer, 1983), "ഹെല്ലിക്കോനിയ ശിശിരം" (Helliconia Winter, 1985), ഒരു ഉപഗ്രഹവ്യൂഹത്തിന്റെ പരിണാമമാണ് അവസാനംപറഞ്ഞ നോവൽത്രയങ്ങളിലെ കഥാവസ്തു. ഓരോ ഋതുവും നൂറ്റാണ്ടുകൾ അവിടെ നീണ്ടുനിൽക്കുന്നു. മറ്റു സൃഷ്ടികളിൽ നഷ്ടമായ ബഹിരാകാശനൗകകളും വെല്ലുവിളിയഭിമുഖീകരിക്കുന്ന ആദർശസംവിധാനങ്ങളും, കാലത്തകർച്ചയും മറ്റും വിശ്വസനീയമാംവണ്ണം വിവരിച്ചിട്ടുണ്ട്.

ശാസ്ത്രസങ്കല്പ കഥാരംഗത്തെ ഏറ്റവും ഉന്നതനെന്നു പറയാവുന്ന മറ്റൊരു എഴുത്തുകാരനാണ് മൈക്കൽ മൂർകോക്ക് (Michael Moorcock, 1939), നവതരംഗരംഗത്തെ പ്രമുഖനായ ഇദ്ദേഹം കൃതികൾക്ക് സാഹിത്യഭംഗിയും മൂല്യവും ഉന്നതനിലവാരവും ഉറപ്പുവരുത്തുന്നതിൽ അസൂയാവഹമായി വിജയിച്ചിട്ടുണ്ട്. "പുതിയ ലോകങ്ങൾ" (New Worlds) എന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപരെന്ന നിലയിൽ ഏഴുകൊല്ലത്തോളം (1964-71) സേവനം നടത്തി. ഈ രംഗത്തു പ്രവർത്തിക്കുന്നവരുടെ സാഹിത്യസൃഷ്ടികൾക്ക്, നവമാനം (New Dimension) ഉറപ്പുവരുത്തുവാൻ സ്വാധീനിക്കുകയുണ്ടായി. "അവസാന പരിപാടി" (The Final Programme, 1968) "അർബുദത്തിനൊരു പ്രതിവിധി" (A Cure for Cancer, 1971) എന്നിവയാണു സ്വതന്ത്രകൃതികൾ.

ജോൺ റൊണാൾഡ് ടോൾകീൻ (John Ronald Tolkien, 1892–1973) രചിച്ചിട്ടുള്ള

"മറുലോക" (Alternate World) · ചിത്രീകരണങ്ങളിലും , ക്ലൈവ് സ്റ്റേപിൾസ് ലീവിസിന്റെ (Clive Staples Lewis, 1898-1963) ഉപഗ്രഹാന്തര സഞ്ചാരകഥകളിലുമെല്ലാം (അത്തരം മൂന്നെണ്ണത്തിൽ ഒന്നാണ് "നിശ്ശബ്ദഗ്രഹത്തിൽനിന്ന്"–Out of the Silent Planet, 1938) ഭാവനാപരമായ ശാസ്ത്രകഥകളിലെ, പല സവിശേഷതകളും മുദ്രകളും കാണാൻ സാധിക്കും. അതുപോലെതന്നെ ആൻറണി ബുർഗസിന്റെ (Anthony Burgess, 1917) ചില കൃതികളിലും സയൻസ് ഫിക്ഷന്റെ നിഴലാട്ടം ദർശിക്കാം. അദ്ദേഹത്തിന്റെ **The Clockwork Orange (1974)** എന്ന സൃഷ്ടിയിൽ അസാമാന്യമായ അക്രമവും അത്യുന്നത സാങ്കേതികനിലവാരവും, സ്വേച്ഛാധിപത്യവും കൊടികുത്തിവാഴുന്ന പരിതസ്ഥിതി അനാവരണംചെയ്യപ്പെടുന്നു. സ്റ്റാൻലി കുബ്രിക്ക് (Stanley Kubrick) എന്ന സംവിധായകൻ ഈ കൃതിയെ ആധാരമാക്കി, 1971-ൽ ഒരു അസാധാരണ ചലച്ചിത്രം നിർമ്മിക്കയുണ്ടായി.

ഗ്രന്ഥകർത്രി

ഡോറിസ് മേയ് ലെസ്സിംഗിന്റെ (Doris May Lessing, 1919) കാര്യം ഇനി പറയട്ടെ. നോവലിസ്റ്റും ചെറുകഥാകൃത്തുമെന്ന നിലയിൽ സ്ഥിരപ്രതിഷ്ഠനേടിയിട്ടുള്ള ഈ ഗ്രന്ഥകർത്രി, മറ്റു നിരവധി കൃതികളും രചിച്ചിട്ടുണ്ട്. അവരുടെ പിൽക്കാല നോവലുകളിലാണ് ഭാവനാപരമായ ശാസ്ത്രകഥാവസ്തുക്കൾ ഗണ്യമായിട്ടുള്ളത്. "നരകത്തിലേക്കുള്ള പതനത്തിന് ഒരു പാഠം" (Briefing for a Descent into Hell, 1971) "രക്ഷപ്പെട്ട ഒരുത്തന്റെ സ്മരണക്കുറിപ്പുകൾ" (Memoirs of a Survior, 1975) തുടങ്ങിയ രചനകൾ, മാനസികത്തകർച്ചയും സമൂഹനാശവും അന്വേഷണവിധേയമാക്കുന്ന ഇന്നർസ്പേസ് ഫിക്ഷൻ (Inner Space Fiction) എന്നു പറയാവുന്നവയത്രേ. കാനോപസ് ഇൻ ആർഗുസ് ആർക്കൈവ്സ് (Canopus in Argus Archives) എന്ന പേരിൽ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലെസ്സിംഗിന്റെ രചനകൾ, പാരമ്പര്യ റീയലിസ സരണിയിൽനിന്നു സമ്പൂർണമായി ഭിന്നിച്ചു മാറിനിൽക്കുന്നു. സ്വതന്ത്രവും തനതുമായ ഐതിഹാസികസംഭവങ്ങൾ, അതുല്യ സ്വാതന്ത്ര്യത്തോടെ, കൃത്രിമമായി സൃഷ്ടിച്ച ഒരു സങ്കല്പ പ്രപഞ്ചത്തിൽ, അവതരിപ്പിക്കുന്നതാണ് ഈ കൃതികളിൽ ദർശിക്കുന്നത്.

ഈ സമാഹാരത്തിലെ കഥകളുടെ പേരുകളിൽനിന്നുപോലും അവയുടെ അഗാധതയും പരപ്പും അസാധാരണത്വവും സ്പഷ്ടമാകും: The Colosed Planet 5, Shikasta (1979); The Marriage Between Zones Three, Four and Five (1980); The Sirian Experiments (1981); The Making of the Representative for Planet 8 (1982); Documents Relating to the Sentimental Agents in the Volyen Empire (1983).

സാങ്കേതികമേന്മ

ശ്രദ്ധേയനായിട്ടുള്ള മറ്റൊരു ശാസ്ത്രസങ്കല്പ കഥാകൃത്താണ് ആർതർ ചാറൽസ് ക്ലാർക്ക് (Arthur Charles Clarke, 1917). സാങ്കേതിക സംവിധാനങ്ങൾ അസാമാന്യ

ആധുനിക ശാസ്ത്രത്തിന്റെ അദ്ഭുതകരമായ വളർച്ച വരുത്തിയ പ്രളയത്തിൽ മുങ്ങിക്കഴിഞ്ഞിട്ടില്ലാത്ത ജീവിതമേഖലകൾ ഇല്ലാതായിരിക്കുന്നു.

വൈഭവത്തോടെ, കഥകളുടെ പശ്ചാത്തലമാക്കുന്നതിന് അദ്ദേഹത്തിനു സാധിക്കുന്നു. കൃത്രിമോപഗ്രഹങ്ങൾ സന്ദേശവിനിമയത്തിനു സൗകര്യപ്രദമായി ഉപയോഗിക്കാമെന്ന് ആദ്യം പ്രവചിച്ചത് ഇദ്ദേഹമാണ്. ഈ സാങ്കേതികസംവിധാനം ഇന്നു സർവ സാധാരണമായി സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. ആർതർ ക്ലാർക്കിന്റെ പ്രധാനപ്പെട്ട കൃതികൾ, ഇവയാണ്: "ശൈശവത്തിന്റെ അന്ത്യം" (Childhoods End, 1953), നഗരവും നക്ഷത്രങ്ങളും" (The City and the Stars, 1956) "ദൈവത്തിന്റെ തൊണ്ണൂറു കോടി നാമങ്ങൾ" (The Nine Billion Names of God, 1967) "ബഹിരാകാശത്ത് അലഞ്ഞുതിരിയൽ" (2001–A Space Odyssey, 1968). അവസാനംപറഞ്ഞ കൃതി, ആകർഷകവും അസാമാന്യാനുഭവദായകവുമായ ഒരു ചലച്ചിത്രമാക്കിയിട്ടുണ്ട്.

ചലച്ചിത്രത്തിലും ടിവിയിലും ഇത്തരം കഥകൾ ധാരാളമായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. കുട്ടികൾക്കു പ്രിയപ്പെട്ട കഥകൾ മുതൽ ഉപഗ്രഹങ്ങളിലും അന്യ ഗോളങ്ങളിലും നിന്നുള്ള കഥാപാത്രങ്ങൾ വരെ ഇത് എത്തിനിൽക്കുന്നു.

ശാസ്ത്രപുരോഗതി

അമേരിക്കൻ ഐക്യനാടുകളിലും, യു. എസ്.എസ്. ആറിലും ഫ്രാൻസിലും ജർമനികളിലും മറ്റും വലിയ നേട്ടങ്ങൾ, ശാസ്ത്രപുരോഗതികൊണ്ടു സാധിച്ചിട്ടുണ്ടല്ലോ. ഇവയിൽനിന്നു പ്രചോദനം സ്വീകരിച്ച് അവിടങ്ങളിലും ഇതരരാജ്യങ്ങളിലും സർഗധനന്മാരായ എഴുത്തുകാർ,ഭാവനാപരമായ സാഹിത്യകൃതികൾ രചിക്കുന്നത് കുറവല്ല. അവരെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുവാൻപോലും ഇടവും സമയവുമില്ല. ഭാരതീയ ഭാഷകളിൽ പലതിലും ഈ വിധത്തിലുള്ള പ്രയത്നങ്ങൾ തുടങ്ങിയിട്ടുപോലുമില്ലെന്നാണറിവ്. മറാത്തി, തമിഴ്, തെലുങ്ക്, ബംഗാളി, ഹിന്ദി തുടങ്ങിയവയിൽ അപൂർവമായി കൃതികൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്. മലയാളത്തിലെ സ്ഥിതിയും ഏതാണ്ടതുപോലെതന്നെയാണ്.

ആധുനിക ശാസ്ത്രത്തിന്റെ അത്യദ്ഭുതകരമായ വളർച്ച വരുത്തിയ പ്രളയത്തിൽ മുങ്ങിക്കഴിഞ്ഞിട്ടില്ലാത്ത ജീവിതമേഖലകൾ ഇല്ലാതായിരിക്കുന്നു. എങ്കിലും ആ മഹാപ്രളയത്തിന്റെ കൊച്ചലകൾപോലും ഭാഷാസാഹിത്യത്തിൽ ചെന്നുപറ്റുന്നില്ലെന്നുള്ളതു കടുത്തവൈരുധ്യംതന്നെ. സാഹിത്യകാരന്മാരുടെ സർഗാത്മകശേഷിയെ സ്വാധീനിക്കുന്നതിന് ശാസ്ത്രത്തിന്റെ നേട്ടങ്ങൾക്ക് എന്തുകൊണ്ടു സാധിക്കുന്നില്ല? കാലഘട്ടം സമൂലമായി മാറിയെങ്കിലും കഴിഞ്ഞുപോയ കാലത്തോടൊപ്പം കാലഹരണപ്പെട്ട ആശയങ്ങളെ കൈവിടാതെ കെട്ടിപ്പിടിച്ചു ഹൃദയത്തോടു ചേർത്തുനിർത്തിയാണ്, അവർ ഇന്നു സാഹിത്യസൃഷ്ടികൾക്കു തയ്യാറാകുന്നത്.

അകാലികങ്ങളും കാമ്പില്ലാത്തതുമായ ആശയങ്ങളാണ് ജനങ്ങളുടെ പെരുമാറ്റങ്ങളെ അധികമായി നിയന്ത്രിക്കുന്നതും നയിക്കുന്നതും. ജീവിതത്തിന്റെ എല്ലാമേഖലകളിലും വർദ്ധിച്ചുകൊണ്ടിരിക്കുന്ന അക്രമവും അച്ചടക്കമില്ലായ്മയും അസന്തുഷ്ടിയും അമർഷവുമെല്ലാം ഈ വൈരുധ്യത്തിൽനിന്ന് ഉണ്ടാകുന്നവയാണ്.

അടിയന്തരാവശ്യം

ഭാവനാപരമായ ശാസ്ത്രകഥകളുടെ പ്രാഭവം ചലച്ചിത്രത്തിലും ടെലിവിഷനിലും മികച്ചതോതിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിട്ടുണ്ട്. കുട്ടികൾക്കു പ്രിയപ്പെട്ട കഥകൾമുതൽ വിദൂരസ്ഥങ്ങളായ ഉപഗ്രഹങ്ങളിലേക്കുള്ള സഞ്ചാരം മാത്രമല്ല, അന്യഗോളങ്ങളിൽനിന്ന് ഇവിടെ എത്തുന്ന ബുദ്ധിയുള്ള ജീവികൾവരെ, ഇത്തരം ഇനങ്ങളിൽ കാണാറാകുന്നു. അനന്തമായ സാധ്യതകളുള്ള ഈ രംഗങ്ങളിലൂടെ ജനങ്ങളിൽ ശാസ്ത്രാഭിരുചിയും മനോഭാവവും യുക്തിചിന്തയും വളരുവാനുള്ള ശ്രമങ്ങൾ വിപുലപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അടിയന്തരമായ ആവശ്യമാണ്.

○